3. തളിപ്പറമ്പ് - ഇരിട്ടി റോഡ്

4. തലശ്ശേരി - വളവുപാറ റോഡ്

5. പുനലൂർ- മൂവാറ്റുപുഴ റോഡ്

6. പെരുമ്പിലാവ്-പട്ടാമ്പി-പെരിന്തൽമണ്ണ റോഡ്.

ഇതിനായി 1356 കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്നു.

കാസർഗോഡ്-കാഞ്ഞങ്ങാട് കെ.എസ്.ടി.പി. റോഡ് വികസന പദ്ധതി

138 (2236) ശ്രീ. പള്ളിപ്രം ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കാസർഗോഡ് -കാഞ്ഞങ്ങാട് കെ.എസ്. ടി.പി.റോഡ് വികസന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ദേശീയപാത നാലുവരിപ്പാതയാക്കുന്നതിന് വേണ്ടി തലപ്പാടി മുതൽ കണ്ണൂർ വരെയുള്ള ഭൂമി ഏറ്റെടുക്കൽ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(സി) ദേശീയപാതയിൽ നീലേശ്വരം നഗരസഭയിൽ ഉൾപ്പെടുന്ന നീലീശ്വരം പാലം, നീലീശ്വരം നഗരസഭയേയും പെരുവത്തൂർ പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന കാര്യങ്കോട് പാലം എന്നിവ അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവിടെ പുതിയ പാലങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ ?

ഉത്തരം

(എ) കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിലാണ് കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ് വികസനം ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ടാംഘട്ടത്തിന്റെ അനുമതിക്കായി കേന്ദ്ര ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ട്.

(ബി) ഭൂമി ഏറ്റെടുക്കലിനാവശ്യമായ ഏത് യൂണിറ്റുകൾ രൂപീകരിക്കാൻ ദേശീയ പാതാ അതോറിറ്റി അനുവാദം നല്കിയിട്ടുണ്ട്. എന്നാൽ നഷ്ടപരിഹാരം സംബന്ധിച്ച് നിലനിൽക്കുന്ന അനിശ്ചിതത്വം കാരണം സ്ഥലടെുപ്പ് നടപടികളെല്ലാം ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്.

(സി) ഉണ്ട്. ദേശീയപാതാ 17-ന്റെ തലപ്പാടി മുതൽ കണ്ണൂർവരെയുള്ള ഭാഗം നാലുവരിപ്പാതയായി വികസിപ്പിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നീലേശ്വരം പാലവും, കാര്യങ്കോട് പാലവും നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly